30.11.2016

All Kerala Press Release

# വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ വാർഷിക സമ്മേളനം

കൊച്ചി: മാറിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് ഇതിന്റെ പ്രവാചകരാകുക എന്നതാണ് ഓരോ വൊക്കേഷൻ പ്രമോട്ടറുടെയും ദൗത്യം. കാലഘട്ടത്തിനുചേർന്ന ദൈവവിളികൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ അവർക്കു കഴിയണം. കേരള വൊക്കേഷൻ സർവീസ് സെന്ററിന്റെ വാർഷിക സമ്മേളനം പിഒസിയിൽ വച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് കെസിബിസി വൊക്കേഷൻ കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ ഉദ്ബോധിപ്പിച്ചു. പ്രസ്തുത സമ്മേളനത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷനായിരുന്നു. കേരള വൊക്കേഷൻ സർവീസ് സെന്റർ ഡയറക്ടർ റവ. ഫാ. രാജു ചക്കനാട്ട് എസ്.ഡി.ബി., പുതിയ തലമുറ നേതൃനിരക്ക് വേണ്ട നിലപാടുകളെക്കുറിച്ച് പഠിപ്പിച്ചു. തുടർന്ന് കെവിഎസ്സി സെക്രട്ടറി സിസ്റ്റർ ശ്രുതി ജോസ് എം.എസ്.ജെ. റിപ്പോർട്ട് അവതരണത്തിനു പുറമേ സഹവർത്തിത്വത്തിന്റെയും സമഭാവനയുടെയും ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞു. റവ. ഫാ. ജയ്സൺ കൂനംപ്ലാക്കൽ, റവ. ഫാ. പോൾ കോടാനൂർ എന്നിവർ പ്രസംഗിച്ചു. മോൺസിഞ്ഞോറായി അവരോധിക്കപ്പെട്ട റവ. ഡോ. ജോർജ് കുരുക്കൂരിനെ അനുമോദിച്ചു. പുതിയ സ്റ്റേറ്റ് ഡയറക്ടറേയും, സെക്രട്ടറിയേയും റീജണൽ ബോർഡ് അംഗങ്ങളെയും തെരഞ്ഞെടുത്തു.

ഫാ. രാജു ചക്കനാട്ട് എസ്.ഡി.ബി.
സെക്രട്ടറി, കെസിബിസി വൊക്കോഷൻ കമ്മീഷൻ

ഫോട്ടോ മാറ്റർ: കേരള വൊക്കേഷൻ സർവീസ് സെന്ററിന്റെ വാർഷിക സമ്മേളനം പിഒസിയിൽ വച്ച് ബിഷപ് ഡോ. വിൻസന്റ് സാമുവൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജയ്സൺ കൂനംപ്ലാക്കൽ, സിസ്റ്റർ ശ്രുതി ജോസ് എം.എസ്ജെ., ഫാ. രാജു ചക്കനാട്ട് എസ്.ഡി.ബി., ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. പോൾ കോടാനൂർ,സിസ്റ്റർ സ്നേഹ എന്നിവർ സമീപം.